ഉത്തരം

(എ) ദാവോസിൽ നടന്ന സമ്മേളനത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തത് ഞാൻ മാത്രമാണ്. എന്നോടൊപ്പം കേരളത്തിൽ നിന്ന് സർക്കാർ ചെലവിൽ മുഖ്യമന്ത്രിയുടെ സെക്രട്ടറി ശ്രീ. ദിനേശ് ശർമ്മയും സ്വന്തം ചെലവിൽ എന്റെ മകൾ അച്ചു ഉമ്മനും അനുഗമിച്ചിരുന്നു..

(ബി) സൗദി സംഘത്തിന്റെ ക്ഷണപ്രകാരം ഞാൻ അവരുടെ ഡിന്നർ സൽക്കാരത്തിൽ പങ്കെടുക്കുകയും ചർച്ച നടത്തുകയും ചെയ്തു.

(സി) സൗദി ഇൻവെസ്റ്റേഴ്സിനെ കേരളത്തിലേക്ക് നിക്ഷേപത്തിനായി ക്ഷണിക്കുകയും സൗദി ഗവൺമെന്റ് ഏറ്റെടുക്കുന്ന ബൃഹത്തായ infrastructure project-ൽ (ഏതാണ്ട് രണ്ട് ലക്ഷം കോടി രൂപയോളം മുതൽമുടക്കുള്ള) മലയാളികൾക്ക് തൊഴിലവസരങ്ങളിൽ മുൻഗണന നൽകണമെന്ന് അഭ്യർത്ഥിക്കുകയുമാണ് ചെയ്തത്.

(ഡി) കേരള സർക്കാരിന്റെ ഒരു സംരംഭത്തിലും ശ്രീ. ഷാഫിമേത്തർ പങ്കെടുക്കുന്നില്ല. പങ്കാളികളും അല്ല. ശ്രീ. ഷാഫിമേത്തറെ സംസ്ഥാന സർക്കാരോ, സർക്കാരുമായി ബന്ധപ്പെട്ട ഒരു സ്ഥാപനത്തിന്റെയും ചുമതല ഏൽപ്പിച്ചിട്ടില്ല.

ഹർത്താൽമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ

111 [867] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹർത്താൽമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ആശ്വാസം നൽകുന്നതിന് രാഷ്ട്രീയ പാർട്ടികൾക്ക് ഉത്തരവാദിത്വമുണ്ടെന്നും സർക്കാർ സംവിധാനം നിയമ വിരുദ്ധ സമരങ്ങൾക്ക് മുന്നിൽ നിഷ്ക്രീയമാകരുതെന്നുമുള്ള ജനുവരി ഒന്നിലെ ബഹു. കേരളാ ഹൈക്കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവർത്തിച്ചുണ്ടാകുന്ന ബന്ദുകൾ, ഹർത്താലുകൾ, പണിമുടക്കുകൾ, ആഫീസ് ഉപരോധങ്ങൾ, റോഡ് ഗതാഗത തടസ്സങ്ങൾ, അതിക്രമങ്ങൾ എന്നിവ ഒഴിവാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞ നാലര വർഷക്കാലത്തിനിടയിൽ ഇത്തരം സമര പരിപാടികളിലൂടെ സംസ്ഥാനത്തിനുണ്ടായ പൊതുമുതൽ നഷ്ടവും ഇതര ബുദ്ധിമുട്ടുകളും എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) 2001 മേയ് മാസത്തിനുശേഷം സംസ്ഥാനാടിസ്ഥാനത്തിൽ എത്ര ഹർത്താൽ, ബന്ദ്, പണിമുടക്ക് എന്നിവ നടത്തപ്പെട്ടു;

(ഇ) ഇവ ആഹ്വാനം ചെയ്തത് ആരെല്ലാമെന്ന് അറിയിക്കാമോ;

(എഫ്) ഈ കാലയളവിനുള്ളിൽ സർക്കാർ പൊതുമേഖല ഓഫീസുകളുടെ പ്രവർത്തന സ്തംഭനം, ഉപരോധം, ഘെരോവോ, അതിക്രമം എന്നിവയുടെ പേരിൽ എത്ര കേസുകളെടുത്തിട്ടുണ്ട്;

(ജി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) 2001 മേയ് മാസത്തിനുശേഷം പൊതുമുതൽ നശീകരണത്തിന് എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസുകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഐ) തലസ്ഥാന മേഖലയിൽ ആഫീസ് ഉപരോധം ഘെരാവോ, മെയിൻ റോഡ് ഉപരോധം, വഴി തടഞ്ഞുള്ള പ്രകടനം എന്നിവയുടെ പേരിൽ എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്;

(ജെ) ഇവയിൽ എത്ര കേസുകൾ തീർപ്പാക്കിയിട്ടുണ്ട് എന്നറിയിക്കാമോ;

(കെ) ചാർജ് ചെയ്യാത്ത എത്ര കേസുകൾ ഈയിനത്തിൽ തിരുവനന്തപുരം നഗര പരിധിയിൽ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(എൽ) സമ്പദ് വ്യവസ്ഥയ്ക്ക് ഹാനികരവും സാമൂഹിക ജീവിതത്തിന് ദുരിത പ്രദവുമായ ഇത്തരം സമര രീതികൾ അവസാനിപ്പിക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും അഭിപ്രായ സമന്വയമുണ്ടാക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമപരമായി പോലീസ് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമ ലംഘനം നടത്തുന്നവർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്യും.

(സി—എൽ) വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങാനും വീട് വയ്ക്കുന്നതിനും ധനസഹായം

112 [869] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്; സ്വന്തമായി ഭൂമി ഉള്ള വീടില്ലാത്ത എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്;

(ബി) ഇവർക്ക് ഭൂമി വങ്ങി വീട് നിർമ്മിക്കുന്നതിനും ഭൂമി ഉള്ളവർക്ക് വീട് നിർമ്മിക്കുന്നതിനും എന്തെങ്കിലും പദ്ധതി സർക്കാർ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ 2005-06 വർഷം ഇതിനുവേണ്ടി എന്ത് തുക നീക്കിവച്ചു;

(സി) ഈ കാലയളവിൽ എത്ര തുക ഇതിനുവേണ്ടി ചെലവഴിച്ചുവെന്നും, എത്ര കുടുംബങ്ങൾക്ക് ഭൂമി വാങ്ങുവാനും എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുവാനും ധനസാഹയം നൽകി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത 46393 പട്ടികജാതി കുടുംബങ്ങളും 22502 പട്ടികവർഗ്ഗ കുടുംബങ്ങളും ഉണ്ട്. സ്വന്തമായി ഭൂമിയുള്ള എന്നാൽ വീടില്ലാത്ത 117766 പട്ടികജാതി കുടുംബങ്ങളുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങളുടെ സ്ഥിതിവിവരക്കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly